<u>മി. സ്പീക്കർ:</u> ഓർഡർ ... ഓർഡർ ... സഭ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ തുടർനടപടികളിലേയ്ക്ക് കടക്കാൻ ചെയർ നിർബന്ധിതമാകുകയാണ്. ഇന്നത്തെ ചോദ്യോത്തരവേളയുടെ ബാക്കിഭാഗം സസ്പെന്റ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ മറ്റിനങ്ങളിലേയ്ക്ക് കടക്കുകയും ചെയ്യുകയാണ്. ഇന്നേ ദിവസത്തേയ്ക്ക് ഷെഡ്യൂൾ ചെയ്തിട്ടുള്ള ശ്രദ്ധക്ഷണിക്കലുകൾ സബ്മിഷൻ എന്നിവയുടെ മറുപടികൾ ബഹു. മന്ത്രിമാർക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്+. (പ്രതിപക്ഷാംഗങ്ങൾ ഡയസ്സിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളികളുമായി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

+ അനുബന്ധമായി ചേർത്തിരിക്കുന്നു.